ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.07.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൽ ഇന്നും നടപടിക്രമങ്ങൾ തടസ്സപ്പെട്ടു. ലോക്സഭ ഒരു മണി വരെയും, രാജ്യസഭ രണ്ട് മണിവരെയും നിർത്തിവച്ചു.

**The proceedings in both the House disrupted following opposition uproar on various issues including roll back of Special Intensive Revision of electoral roll in Bihar. The Lok Sabha adjourned till 1 PM, while the Rajya Sabha faced adjournment till 2 PM.**

2) ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച ചർച്ചകൾ ലോക്സഭയിൽ ഇന്ന് നടക്കും.

**Lok Sabha to begin discussion on Pahalgam terror attack and Operation Sindoor today.**

3) ഐഎസ്ആർഒയും നാസയും സംയുക്തമായി വികസിപ്പിച്ചെടുത്ത ഭൗമ നിരീക്ഷണ ഉപഗ്രഹം നിസാറിന്റെ വിക്ഷേപണം മറ്റന്നാൾ.

**ISRO to launch Earth Observation Satellite NISAR, jointly developed with NASA on Wednesday.**

4) കേരളത്തിൽ മഴയ്ക്ക് നേരിയ ശമനം. കേരള-കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് തുടരുന്നു.

**Intensity of rain has been decreased in Kerala. Fishing ban remains in effect in Kerala-Karnataka-Lakshadweep coasts.**

5) ഫിഡെ ചെസ് വനിതാ ലോകകപ്പ് ഫൈനലിൽ ഇന്ത്യയുടെ കൊനേരു ഹംപിയും ദിവ്യ ദേശ്മുഖും തമ്മിലുള്ള ടൈ ബ്രേക്കർ ഇന്ന്.

**In Chess, Grand Master Koneru Humpy and International Master Divya Deshmukh are set to face off in rapid and blitz tiebreaks today to decide the winner of the FIDE Women's World Cup**

&&&&&&&&&&&&&&&&&

**HEADLINE-1&2**

**LS - RS - ADJOURN (intro)**

*പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിൽ ഇന്നും നടപടിക്രമങ്ങൾ തടസ്സപ്പെട്ടു. ലോക്സഭ ഒരു മണിവരെയും, രാജ്യസഭ രണ്ട് മണിവരെയും നിർത്തിവച്ചിരിക്കുകയാണ്. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച ചർച്ചകൾ ലോക്സഭയിൽ ഇന്ന് നടക്കാനിരിക്കേയാണ് സഭാ നടപടികൾ തുടർച്ചയായി തടസ്സപ്പെട്ടത്. ബിഹാർ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉന്നയിച്ച് 11 മണിക്ക് സഭാ നടപടികൾ ആരംഭിച്ച ഉടൻ തന്നെ പ്രതിപക്ഷം പ്രതിഷേധം ഉയർത്തി.*

ചോദ്യോത്തരവേള തടസ്സപ്പെടുത്തരുതെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള അഭ്യർത്ഥിച്ചെങ്കിലും പ്രതിപക്ഷം വഴങ്ങിയില്ല. .

(ഹോൾഡ്)

തുടർന്ന് 12 മണി വരെ നിർത്തിവച്ച സഭ വീണ്ടും ചേർന്നപ്പോൾ ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച ചർച്ചയ്ക്ക് തുടക്കം കുറിക്കാൻ ശ്രമം നടന്നെങ്കിലും, പ്രതിപക്ഷം ബഹളം തുടർന്നതിനാൽ നടപടികൾ ഒരു മണി വരെ നിർത്തിവയ്ക്കുകയായിരുന്നു. 16 മണിക്കൂറാണ് വിഷയത്തിൽ ചർച്ചയ്ക്ക് സമയം അനുവദിച്ചിരിക്കുന്നത്.

രാജ്യസഭയിലും സമാന സംഭവങ്ങളാണ് അരങ്ങേറിയത്. വിവിധ വിഷയങ്ങളിൽ അടിയന്തര ചർച്ച ആവശ്യപ്പെട്ട് പ്രതിപക്ഷം നൽകിയ 26 നോട്ടീസുകൾ സഭാ ഉപാധ്യക്ഷൻ ഹരിവംശ് തള്ളി. കേരളത്തിൽ നിന്നുള്ള കന്യാസ്ത്രീകളെ ഛത്തീസ്ഗഢിൽ അറസ്റ്റ് ചെയ്ത വിഷയം പാർലമെന്റ് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സംസ്ഥാനത്തു നിന്നുള്ള എംപിമാരും നോട്ടീസ് നൽകിയിരുന്നു. എം ധനപാൽ, ഐ എസ് ഇമ്പദുരൈ എന്നീ അംഗങ്ങളുടെ സത്യപ്രതിജ്ഞാ ചടങ്ങിനും രാജ്യസഭ ഇന്ന് സാക്ഷ്യം വഹിച്ചു.

&&&&&&&&&&&&&&&&&&

**Gajendra singh Shekhawat (intro)**

രാജ്യത്തെ വിനോദസഞ്ചാര മേഖലയെ പരിസ്ഥിതി സൗഹൃദപരമാക്കുന്നതിന് നിരവധി സംരംഭങ്ങൾക്ക് കേന്ദ്രസർക്കാർ തുടക്കം കുറിച്ചതായി കേന്ദ്രമന്ത്രി ഗജേന്ദ്രസിംഗ് ഷെഖാവത്ത്. ഇവ ഫലപ്രദമായി നടപ്പാക്കുന്നതായി സംസ്ഥാനസർക്കാരുകളുമായി ചേർന്നു പ്രവർത്തിക്കുന്നതായും കേന്ദ്രമന്ത്രി ലോക്സഭയിൽ വ്യക്തമാക്കി. സ്വച്ഛത ഗ്രീൻ ലീഫ് റേറ്റിംഗ് ഇനിഷ്യേറ്റീവ് സംരംഭവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് മറുപടി നൽകുകയായിരുന്നു അദ്ദേഹം .

(ഹോൾഡ്)

&&&&&&&&&&&&&&&&&&

**NDA MP - PROTEST**

സമാജ്‌വാദി പാർട്ടി എംപി ഡിംപിൾ യാദവിനെതിരെ ഓൾ ഇന്ത്യ ഇമാം അസോസിയേഷൻ പ്രസിഡന്റ് മൗലാന സാജിദ് റാഷിദി നടത്തിയ പരാമർശത്തിൽ പ്രതിഷേധിച്ച് എൻഡിഎ എംപിമാർ പാർലമെന്റ് വളപ്പിൽ ഇന്ന് പ്രതിഷേധ പ്രകടനം നടത്തി . സ്ത്രീ സമൂഹത്തെ അപമാനിക്കുന്ന പരാമർശമാണിതെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു പ്രതിഷേധം. ബീഹാറിലെ തീവ്ര വോട്ടർ പട്ടികാപരിഷ്കരണവുമായി ബന്ധപ്പെട്ട് പ്രതിപക്ഷ എംപിമാരും ഇന്ന് പാർലമെന്റിന് പുറത്ത് പ്രതിഷേധ പ്രകടനം നടത്തി.

&&&&&&&&&&&&&&&&&&

## HEADLINE-3

## ISRO-NASA

ഐഎസ്ആർഒയും നാസയും സംയുക്തമായി വികസിപ്പിച്ചെടുത്ത ഭൗമ നിരീക്ഷണ ഉപഗ്രഹം നിസാർ ഈ മാസം 30 ന് വിക്ഷേപിക്കുമെന്ന് ഐഎസ്ആർഒ ചെയർമാൻ ഡോ. വി നാരായണൻ . ആഗോള സമൂഹത്തിന് ഒന്നാകെ ഉപഗ്രഹത്തിൻറെ പ്രയോജനം ലഭിക്കുമെന്ന് അദ്ദേഹം ചെന്നൈയിൽ മാധ്യമങ്ങളോട് പറഞ്ഞു. മേഘാവൃതമായ കാലാവസ്ഥയിലും 24 മണിക്കൂറും ഭൂമിയുടെ ചിത്രങ്ങൾ പകർത്താൻ കഴിയുന്ന വിധത്തിലുള്ള സംവിധാനങ്ങളാണ് ഉപഗ്രഹത്തിലുള്ളത്. മണ്ണിടിച്ചിൽ, കാലാവസ്ഥാ വ്യതിയാനം എന്നിവ നിരീക്ഷിക്കുന്നതിനും, ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും ഇത് ഏറെ സഹായിക്കും. ജിഎസ്എൽവി-എഫ് 16 റോക്കറ്റാണ് ഭൗമോപരിതലത്തിൽ നിന്ന് 740 കിലോമീറ്റർ ഉയരെയുള്ള ഭ്രമണപഥത്തിൽ ഉപഗ്രഹത്തെ എത്തിക്കുക. ചന്ദ്രയാൻ-4, മംഗൾയാൻ ദൗത്യങ്ങൾക്കായുള്ള മുന്നൊരുക്കങ്ങൾ നടക്കുന്നതായും ഐഎസ്ആർഒ ചെയർമാൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## STAMPEDE PROBE

ഹരിദ്വാർ മാൻസ ദേവി ക്ഷേത്രത്തിൽ തിക്കിലും തിരക്കിലും പെട്ട് എട്ടോളം പേർ മരിക്കാനിടയായ സംഭവത്തിൽ മജിസ്ട്രേട്ട് തല അന്വേഷണത്തിന് ഉത്തരവിട്ട് ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിങ്ങ് ധാമി. 15 ദിവസത്തിനകം

അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാനാണ് ഹരിദ്വാർ അഡീഷണൽ ജില്ലാ മജിസ്ട്രേട്ടിന് നിർദ്ദേശം നൽകിയിരിക്കുന്നത്. ക്ഷേത്രപരിസരത്ത് വൈദ്യുതി പ്രവാഹം ഉണ്ടായെന്ന അഭ്യൂഹത്തെ തുടർന്നാണ് തിക്കും തിരക്കുമുണ്ടായത്. 30 പേർക്ക് സംഭവത്തിൽ പരിക്കേറ്റു.

&&&&&&&&&&&&&&&&&&

## DAY BARABANKI - STAMPEDE

ഉത്തർപ്രദേശിലെ ബരാബങ്കിയിൽ ക്ഷേത്രത്തിൽ, വൈദ്യുതി കമ്പി പൊട്ടിവീണതിനെ തുടർന്നുണ്ടായ തിക്കിലും തിരക്കിലും മരിച്ചവരുടെ എണ്ണം രണ്ടായി. അവസാനേശ്വർ ക്ഷേത്രത്തിൽ ഇന്ന് പുലർച്ചെയാണ് അപകടമുണ്ടായത്. ക്ഷേത്രത്തിലെ ടിൻ ഷെഡ്ഡിന് മേൽ വൈദ്യുതി കമ്പി പൊട്ടിവീണതാണ് അപകട കാരണം എന്നാണ് റിപ്പോർട്ടുകൾ. 20-ലേറെ പേർക്ക് പരിക്കേറ്റിട്ടുണ്ട്. സംഭവത്തിൽ ദുഖം രേഖപ്പെടുത്തിയ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് മരിച്ചവരുടെ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ നഷ്ടപരിഹാരം പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

## CM-LETTER

ഛത്തീസ്ഗഢിൽ അറസ്റ്റ് ചെയ്ത കന്യാസ്ത്രീകൾക്ക് നീതി ലഭ്യമാക്കാൻ ഇടപെടണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കത്തയച്ചു. വിഷയത്തിൽ സുതാര്യവും നീതിയുക്തവുമായ നടപടി ഉറപ്പാക്കണമെന്നും മുഖ്യമന്ത്രി പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചു. അതേസമയം വിഷയത്തിൽ അടിയന്തരമായ ഇടപെടൽ നടത്തിയതായും നിരപരാധികളായ ആരും ശിക്ഷിക്കപ്പെടില്ല എന്ന ഉറപ്പ് ഛത്തീസ്ഗഢ് മുഖ്യമന്ത്രിയിൽ നിന്ന്

ലഭിച്ചതായും ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

**HEPATITIS DAY**

ഇന്ന് ലോക ഹെപ്പറ്റൈറ്റിസ് ദിനം. ഗുരുതരമായ കരൾ രോഗത്തിനും, കാൻസറിനും കാരണമാകുന്ന വൈറൽ ഹെപ്പറ്റൈറ്റിസിനെക്കുറിച്ച് അവബോധം വളർത്തുന്നതിനായാണ് ജൂലൈ 28 ന് ഹെപ്പറ്റൈറ്റിസ് ദിനം ആചരിക്കുന്നത് . രോഗലക്ഷണങ്ങളെക്കുറിച്ചും, പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും, ചികിത്സാരീതികളെക്കുറിച്ചും ജനങ്ങൾക്ക് അറിവും പകരുന്നതും ദിനാചരണത്തിന്റെ ലക്ഷ്യമാണ്.

&&&&&&&&&&&&&&&&&

**HEADLINE-4**

**RAIN KERALA**

സംസ്ഥാനത്ത് മഴയ്ക്ക് നേരിയ ശമനം. വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴ ചില ജില്ലകളിൽ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് വ്യക്തമാക്കി. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ചവരെയും കർണ്ണാടകാ തീരത്ത് വ്യാഴാഴ്ചവരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. ജലനിരപ്പ് ഉയരുന്നതിനെ തുടർന്ന് പത്തനംതിട്ട കക്കി- ആനത്തോട് ഡാമിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിരിക്കുകയാണ്. പമ്പാ നദിയുടെയും കക്കാട്ടാറിന്റെയും കരകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&

**HEADLINE-5**

**FIDE CHESS WORLD CUP**

ഫിഡെ ചെസ് വനിതാ ലോകകപ്പ് ഫൈനലിൽ ഇന്ത്യയുടെ കൊനേരു ഹംപിയും ദിവ്യ ദേശ്മുഖും തമ്മിലുള്ള ടൈ ബ്രേക്കർ ഇന്ന്.

ഫൈനലിലെ രണ്ടാം റൗണ്ടും സമനിലയിൽ എത്തിയതോടെയാണ് മത്സരം ടൈ ബ്രേക്കറിലേക്ക് കടന്നത്. ജോർജിയയിലെ ബാത്തുമിയിലാണ് മത്സരം നടക്കുന്നത്. രണ്ട് റാപ്പിഡ് ഗെയിമുകൾ ഉൾപ്പെടെയാണ് ടൈ ബ്രേക്കറിലുള്ളത്.

&&&&&&&&&&&&&&&&&&

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ ഇടിവ്. മുംബൈ ഓഹരി സൂചിക സെൻസെക്സ് 318 പോയിന്റ് നഷ്ടത്തിൽ 81,144 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 87 പോയിന്റ് നഷ്ടത്തിൽ 24,749-ലും വ്യാപാരം തുടരുകയാണ്.

സ്വർണവിലയിൽ മാറ്റമില്ല. ഗ്രാമിന് 9,160 രൂപയും പവന് 73,280 രൂപയുമാണ് ഇന്നത്തെ വില

&&&&&&&&&&&&&&&&&&

## US – EU TRADE DEAL

യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിൽ നിന്നും അമേരിക്കയിലേക്ക് കയറ്റുമതി ചെയ്യുന്ന ഉത്പന്നങ്ങൾക്ക് 15 ശതമാനം തീരുവ ചുമത്താൻ ധാരണയായി. അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപും, യൂറോപ്യൻ യൂണിയൻ അധ്യക്ഷ ഉർസുല വോൻ ദേറും സംയുക്തമായാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഓഗസ്റ്റ് 1 ന് മുൻപ് യൂറോപ്യൻ യൂണിയൻ ഇക്കാര്യത്തിൽ ധാരണയിലെത്തിയില്ലെങ്കിൽ ഉത്പന്നങ്ങൾക്ക് 30 ശതമാനം തീരുവ ചുമത്തുമെന്ന് യുഎസ് വ്യക്തമാക്കിയിരുന്നു. അമേരിക്കയിൽ 600 ബില്യൺ ഡോളറിന്റെ നിക്ഷേപം നടത്താൻ യൂറോപ്യൻ യൂണിയൻ സമ്മതം അറിയിച്ചതായും ട്രംപ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## HOUTHI SHIPPING THREAT

ഇസ്രായേലുമായി ബന്ധമുള്ള എല്ലാ വിദേശ കപ്പലുകൾക്ക് നേരെയും ആക്രമണം നടത്തുമെന്ന് വ്യക്തമാക്കി യെമനിലെ ഹൂതി വിമതർ. ഇസ്രായേലി തുറമുഖങ്ങളുമായി വ്യാപാര ബന്ധമുള്ള

കമ്പനികളുടെ കപ്പലുകൾക്ക് നേരെ ആക്രമണമുണ്ടാകുമെന്ന് ഹൂതി വക്താവ് യഹ്യ സരിയ മുന്നറിയിപ്പ് നൽകി. ഇസ്രായേലുമായുള്ള ഇടപാടുകൾ ഉടൻ നിർത്തണമെന്നും ഷിപ്പിങ്ങ് കമ്പനികളോട് ഹൂതി വിമതർ ആവശ്യപ്പെട്ടു. മാജിക് സീസ്, എറ്റേണിറ്റി സി എന്നീ രണ്ട് കപ്പലുകൾ ചെങ്കടലിൽ മുക്കിയതിന്റെ ഉത്തരവാദിത്തവും ഹൂതികൾ ഏറ്റെടുത്തു.

&&&&&&&&&&&&&&&&&&

## THAILAND – CAMBODIA TALKS

അതിർത്തി തർക്കം പരിഹരിക്കുന്നത് ലക്ഷ്യമിട്ട് തായ്‌ലാൻഡും കംബോഡിയയും ഇന്ന് മലേഷ്യയിൽ ചർച്ച നടത്തും. ചർച്ചയിൽ കംബോഡിയൻ പ്രധാനമന്ത്രി പങ്കെടുത്തേക്കുമെന്നാണ് റിപ്പോർട്ടുകൾ. കംബോഡിയ അതിർത്തിയിൽ തായ്‌ലൻഡ് സൈനിക ഭരണം പ്രഖ്യാപിച്ചിരിക്കുകയാണ്. അതിനിടെ സംഘർഷം തുടർന്നാൽ ഇരു രാജ്യങ്ങളുമായുള്ള ഭാവി വ്യാപാര കരാറുകൾ റദ്ദാക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&

## US-CHINA TALKS

അമേരിക്ക- ചൈന- വ്യാപാര കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ സ്വീഡനിലെ സ്റ്റോക്ക്ഹോമിൽ ഇന്ന് ആരംഭിക്കും. ഇരു രാജ്യങ്ങൾക്കുമിടയിലെ നിലവിലെ വ്യാപാര ഉടമ്പടി 90 ദിവസത്തേക്ക് കൂടി നീട്ടുന്ന കാര്യം ചർച്ചയാവുമെന്നാണ് സൂചനകൾ.

&&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&